കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# പത്തനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

e-mail:doklm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)**

നം.കെ.എസ്.എ.കെ.എൽ.എം.പി-9/312/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി-23.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പത്തനാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പത്തനാപുരം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം3-ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടിസ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-കെ.എൽ.എം/പി-9/312/2020 തീയതി:23.03.2020

**<u>കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ</u>**

**<u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>**

**<u>ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).**

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.2018 മുതൽ 31.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ-ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾപഞ്ചായത്ത്സ്വീകരിക്കേണ്ടതാണ്

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.01.2020 മുതൽ 04.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജികുമാർ<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി.റ്റി.സിന്ധു<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജി.അമ്പിളി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.റെജീന, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.നജീം മുഹമ്മദ്.എച്ച് | 1.4.18മുതൽ.31.3.19 വരെ |
| സെക്രട്ടറി | ശ്രീ.എം.വിജയൻ | 1.4.18മുതൽ.31.3.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി.കെ.ജി.ലീനാകുമാരി<br>ശ്രീമതി.കെ.ജലീസ | 1.4.18മുതൽ.03.06.18 വരെ<br>4.6.18മുതൽ.31.3.19 വരെ |
| അസി.എൻജിനീയർ | ശ്രീമതി.രശ്മി.പി.നായർ | 1.4.18മുതൽ31.3.19വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.സന്ധ്യ.ഒ | 1.4.18മുതൽ31.3.19വരെ |
| മെഡിക്കൽഓഫീസർ(പി.എച്ച്.സി) | ഡോ.ഹരികൃഷ്ണൻ | 1.4.18മുതൽ31.3.19വരെ |
| വി.ഇ.ഒ.പത്തനാപുരം | ശ്രീ.എസ്.സുരേഷ് കുമാർ | 1.4.18മുതൽ31.3.19വരെ |
| വെറ്റിനറി സർജൻ | ഡോ.കെ.എസ്.ഷിബു | 1.4.18മുതൽ31.3.19വരെ |
| അഗ്രികൾച്ചർ ഓഫീസർ | ശ്രീമതി.സരള .പി.ബി | 1.4.18മുതൽ31.3.19വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ജസ്സിയമ്മ<br>ശ്രീമതി.ലത.വി | 1.4.18മുതൽ31.5.18വരെ<br>1.6.18മുതൽ31.3.19വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.മുഹമ്മദ് ഷഫീക്ക് | 1.4.18മുതൽ.31.3.19 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഡി.& ലൈസൻസ് എടുത്തിട്ടില്ല | 1-12 |
| 13 | കുടിവെള്ള വിതരണ പദ്ധതി (53/19),വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല, എസ്റ്റിമേറ്റിൽ ഉയർന്ന നിരക്കിൽ സെന്റേജ് ചാർജ്ജ് കണക്കാക്കിയിരിക്കുന്നു, 10,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-13 |
| 14 | അന്തിമ ബിൽ നല്കിയതിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. അധികം നല്കിയിട്ടുള്ള 5,875/- രൂപ നിരാകരിക്കുന്നു. | 1-14 |
| 15 | ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം- അവലോകനം | 1-15 |
| 16 | ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം അടിസ്ഥാന സൗകര്യമൊരുക്കൽ,കൺസൾട്ടൻസി ഫീ ഇനത്തിൽ നല്കിയ തുകയിലെ അപാകതകൾ-9,72,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 17 | കാലിബാരൽ വില ഈടാക്കിയിട്ടില്ല, 1,01,160/- രൂപ തിരികെ ഈടാക്കണം | 1-17 |
| 18 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഉപകരണങ്ങൾ വിതരണം | 1-18 |

| | | |
|---|---|---|
| | ചെയ്തു | |
| 19 | ഭവന പുനരുദ്ധാരണം -യു.എ നമ്പറുള്ള ഭവനത്തിനായി തുക അനുവദിച്ചു | 1-19 |
| 20 | ആശ്രയ-അഗതിരഹിത കേരളം -പദ്ധതി തുക ചെലവഴിച്ചിട്ടില്ല | 1-20 |
| 21 | അംഗീകാരമില്ലാത്ത തസ്തികയിൽ ആളെ നിയമിച്ചിരിക്കുന്നു | 1-21 |
| 22 | കോഴി വിതരണം --രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 23 | മോട്ടോർ മാറ്റി വച്ചിട്ടും പഴയ മോട്ടോർ ലേലം ചെയ്തിട്ടില്ല. | 1-23 |
| 24 | മാലിന്യശേഖരണം സാനിട്ടേഷൻ സൊസൈറ്റിക്ക് തുക നൽകൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-24 |
| 25 | മണ്ണ് ലേലം --പൂർണ്ണമായും നടന്നിട്ടില്ല | 1-25 |
| 26 | പാലിയേറ്റീവ് കെയർ-മരുന്നു വാങ്ങൽ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-26 |
| 27 | കാലിത്തീറ്റ സബ്സിഡി -പദ്ധതി നടത്തിപ്പിലെ അപാകതകൾ . | 1-27 |
| 28 | രസീതു വാങ്ങാനായി തുക നൽകിയെങ്കിലും രസീതു ലഭിച്ചില്ല | 1-28 |
| 29 | സർവ്വീസ് കണക്ഷനുകൾ ഡിമാൻറിൽ ചെയ്യുന്നതിനായി നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല | 1-29 |
| 30 | പശു വളർത്തൽ ജനറൽ -മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കി | 1-30 |
| 31 | കെ.എസ്.ആർ.ടി.സിയ്ക്ക് പൈപ്പ് ലൈൻ -പഞ്ചായത്ത് സ്ഥാപിച്ചു നൽകി . | 1-31 |
| 32 | എവി ടി കാലായിൽറോഡ് സൈഡ് വൈഡനിംഗ് & റീടാറിംഗ് - പ്രവൃത്തി ഏറ്റെടുക്കാതിരുന്ന കരാറുകാരന്റെ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല | 1-32 |
| 33 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണപ്പെട്ടിട്ടുള്ള അപാകതകൾ | 1-33 |
| 34 | ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിന് നല്കിയിട്ടില്ല . | 1-34 |

| | | |
|---|---|---|
| 35 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത | 1-35 |
| 36 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 1-36 |
| | ഭാഗം 2 | |
| 37 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 2-1 |
| | ഭാഗം 3 | |
| 38 | അന്തിമ ബിൽ നല്കിയതിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. അധികം നല്കിയിട്ടുള്ള 5,875/- രൂപ നിരാകരിക്കുന്നു. | 3-1 |
| 39 | കാലിബാരൽ വില ഈടാക്കിയിട്ടില്ല, 1,01,160/- രൂപ തിരികെ ഈടാക്കണം | 3-2 |
| 40 | മാലിന്യശേഖരണം സാനിട്ടേഷൻ സൊസൈറ്റിക്ക് തുക നൽകൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-3 |
| | ഭാഗം 4 | |
| 41 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 42 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 43 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 45 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 46 | സ്ഥിര നിക്ഷേപം | 4-6 |
| 47 | ഓഡിറ്റ് റിക്കവറി | 4-7 |
| 48 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 49 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 50 | ഓഡിറ്റ്-പ്രത്യവലോകനം (എ) സംക്ഷിപ്ത വിവരം | 4-10 |
| 51 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 52 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 53 | അനുബന്ധം-2 അനുബന്ധ പത്രികകൾ | അനുബന്ധ പത്രികകൾ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.3.18 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.05.2019 | ----- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34802344 |
| വരവ് | 142809995 |
| ആകെ | 177612339 |
| ചെലവ് | 135482900 |
| നീക്കിയിരിപ്പ് | 42129439 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 2,37,99,163/- | 2,37,99,163/- | 2,03,14,482/- | 3,48,468/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 98,85,000/- | 98,85,000/- | 87,74,958/- | 11,10,042/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 58,333/- | 58,333/- | | 58,333/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 2,01,06,000/- | 2,01,06,000/- | 1,99,69,985/- | 1,36,015/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 51,82,000/- | 51,82,000/- | 40,49,467/- | 11,32,533/- |
| CFC | | 1,33,43,893/- | 1,334,3,893/- | 1,10,43,794/- | 23,00,099/- |
| ദുരിതാശ്വാസനിധി | 2598/- | 63/- | 2661/- | - | 2661/- |
| സാക്ഷരത | 925/- | - | 925/- | - | 925/- |
| ICDS കേന്ദ്രവിഹിതം | 4,14,366/- | 14,01,875/- | 18,16,241/- | 6,00,000/- | 12,16,241/- |

| | | | | | |
|---|---|---|---|---|---|
| റ്റി.എസ്.സി | 19,74,605/- | 16,97,366/- | 36,71,971/- | 7,30,000/- | 29,41,971/- |
| തൊഴിലുറപ്പ് ഭരണചെലവ് | 6,347/- | 5,53,531/- | 5,59,878/- | 5,50,618/- | 9,260/- |
| തൊഴിലാളികളുടെ കൂലി | | 3,78,29,003/- | 3,78,29,003/- | 3,78,29,003/- | |
| ബിഫണ്ട് | | 2,00,640/- | 2,00,640/- | 2,00,640/- | |
| ബ്ലോക്ക്പഞ്ചായത്ത്* | 60,125/- | 13,61,545/- | 14,21,670/- | 13,21,545/- | 1,00,125/- |
| ജില്ലാ പഞ്ചായത്ത്* | 60,125/- | 21,60,977/- | 22,21,102/- | 15,00,125/- | 7,20,977/- |
| തനത് ഫണ്ട് /ബാങ്ക് അക്കൗണ്ട് | 3,09,52,989/- | 3,54,22,537/- | 6,63,75,526/- | 5,01,67,466/- | 1,62,08,060/- |
| തനത് ഫണ്ട്/ട്രഷറി അക്കൗണ്ട് | 13,30,264/- | 3,58,58,775/- | 3,71,89,039/- | 1,62,59,820/- | 2,09,29,219/- |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 37,76,99,181/- | 123 | 10,43,89,202/- | 29 | 64 | 56.94 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 6,347/- | 5,53,531/- | 5,59,878/- | 5,50,618/- | 9,260/- |
| തൊഴിലാളികളുടെ കൂലി | - | 3,78,29,003/- | 3,78,29,003/- | 3,78,29,003/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക (₹)** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിത വേതനം | 1,40,640/- | 123 |
| കർഷകതൊഴിലാളി പെൻഷൻ | 56,05,000/- | 458 |
| വിധവാപെൻഷൻ | 1,60,64,900/- | 1233 |
| വാർദ്ധക്യകാലപെൻഷൻ | 2,71,34,200/- | 2529 |
| വികലാംഗപെൻഷൻ | 40,56,500/- | 310 |
| 50 വയസ്സ്കഴിഞ്ഞ അവിവാഹിതാരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,84,800/- | 15(അരിയർ ഉൾപ്പടെ പെൻഷൻ നൽകി.) |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,62,801 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുന്നുണ്ട്. ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. വി.ഇ.ഒ നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം പദ്ധതിയിൽ 47 ഗുണഭോക്താക്കളുടെ പണി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.01.2019 | 10/2019 | 03.12.2019 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.01.2017 മുതൽ 20.01.2017 വരെ | 2015-16 | 21.02.2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

**<u>2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>**

1)2017-2018 വർഷം ആർ.പി-40ബി. പ്രകാരം സെൻട്രൽ ബാങ്ക് (ഒ.എ.പി) നീക്കിയിരിപ്പ് 87,813/- രൂപയാണ്. എന്നാൽ 2018-2019 വർഷത്തെ ഇതേ അക്കൗണ്ടിലെ ആർ.പി-40(എ) ഒ.ബി. ആയി ഉൾപ്പെടുത്തിയിരിക്കുന്നത് 88,571/- രൂപയാണ്. 758/- രൂപയുടെ വ്യത്യാസം കാണുന്നു.

2)എൻ.ആർ.ഇ.ജി.എസ് ആർ.പി.31 ഉൾപ്പെട്ട ഭരണചെലവുകളിൽ 100 ദിവസം ജോലിചെയ്തവർക്ക് നൽകിയ 23,000/- രൂപ ഉൾപ്പെടെയുള്ള തുക 5,53,531/-രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആർ.പി. 7ൽ സ്റ്റേറ്റ് സ്പോൺസേഡ് സ്കീം എന്ന ശീർഷകത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

3)ലേലം ഡെപ്പോസിറ്റ് വരവ് രജിസ്റ്റർ പ്രകാരം 5,30,000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ആർ.പി-34 -340200102 രേഖപ്പെടുത്തിയിരിക്കുന്നത് 4,20,000 /-രൂപയാണ്. 1,10,000 /-രൂപയുടെ വ്യത്യാസം കാണുന്നു.

4)വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി സംബന്ധിച്ച് ഡി.സി.ബിയും സഞ്ചയ സോഫ്റ്റ് വെയറിലെ ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല.

5)ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 33,94,405/- ആണ്. എന്നാൽ ആർ.പി1 110200102 ൽ കളക്ഷനായി 33,73,909 /-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 20,496/- രൂപയുടെ വ്യത്യാസം കാണുന്നു.

6)റെന്റ് ഫ്രം ബിൽഡിംഗ്സ് ഡിമാന്റ് ഐ.3 യിൽ 15,35,442/-രൂപയും രജിസ്റ്റർ പ്രകാരം 15,43,512/-രൂപയുമാണ്. കളക്ഷൻ ആർ.പി.43 15,34,327/-രൂപയും രജിസ്റ്റർ പ്രകാരം 15,35,442/- രൂപയുമാണ്. വ്യത്യാസം നിലനിൽക്കുന്നു.

7)റസീവബിൾസ് റ്റുവേർഡ്സ് സ്ലാട്ടർ ഹൗസ് വരവ് ആർ.പി.43 ൽ 17,66,000/- രൂപായാണ്. കൂടാതെ 118005/-രൂപ 2018-19 വർഷത്തിലേയ്ക്ക് മുൻകൂർ വരവുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം വരവ് 20,04,005/- രൂപയാണ്. 1,20,000/-രൂപയുടെ വ്യത്യാസം കാണുന്നു.

8)റസീവബിൾസ് ടുവേഡ്സ് മാർക്കറ്റ് റസീപ്റ്റ് (കറന്റ്) വാർഷിക ധനകാര്യ പത്രികയിൽ 15,08,633/- രൂപയാണ്. കൂടാതെ 2018-19 വർഷത്തിലേയ്ക്ക് 3,941/-രൂപയുടെ മുൻകൂർ വരവുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം വരവ് 15,30,290/- രൂപയാണ്. 18,516/-രൂപയുടെ വ്യത്യാസം കാണുന്നു.

9)കോൺട്രാക്ടേഴ്സ് ഇ.എം.ഡി രജിസ്റ്റർ പ്രകാരം ഡെപ്പോസിറ്റ് 42,103/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ആർ.പി-34 രേഖപ്പെടുത്തിയിരിക്കുന്നത് 9,500/- രൂപയാണ്. 32,603/- രൂപയുടെ വ്യത്യാസം കാണുന്നു.

10)സപ്ലയേഴ്സ് ഇ.എം.ഡി രജിസ്റ്റർ പ്രകാരം ഡെപ്പോസിറ്റ് 45,500 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ആർ.പി-34 - രേഖപ്പെടുത്തിയിരിക്കുന്നത് 32,000/- രൂപയാണ്. 13,500/- രൂപയുടെ വ്യത്യാസം കാണുന്നു.

11)ബിഡ്ഡേഴ്സ് ഇ.എം.ഡി രജിസ്റ്റർ പ്രകാരം ഡെപ്പോസിറ്റ് 16,40,500/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക ആർ.പി-34 - രേഖപ്പെടുത്തിയിരിക്കുന്നത് 10,30,500/- രൂപയാണ്. 6,10,000/- രൂപയുടെ വ്യത്യാസം കാണുന്നു.

12)നിർമ്മാണ പ്രവർത്തനങ്ങൾക്കായി തൻവർഷം 15,75,470/- രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട് എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ബി-11 എ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 5,11,041/-രൂപ മാത്രമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

13)ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

14)അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല

ABSTRACTS OF DEFECTS/DISCREPANCIES

1. Closing balance of O.A.P account in Central Bank of India as per AFS 2017-18, R.P 40(B) is Rs. 87813. But OB as per AFS 2018-19 R.P 40(A) is Rs.88571/-
2. Administrative income of MNREGS as per RP -31 Rs. 553531 which included Rs. 23000/-, as award for labours, who completed 100 days of work. The same amount 23000 is also included in RP 7 as state sponsored scheme.
3. Receipt of auction deposit as per register is Rs. 530000/-., but the amount in AFS RP -34 is Rs. 420000/-.
4. DCB of property tax as shown in AFS is different from that of SANCHAYA SOFTWARE.
5. Receipt of profession tax of employees as per register is Rs. 33,94,405, but the amount as per RP-1 is Rs. 33,73,909, a difference of Rs. 20496 is noticed.
6. Demand of rent from building as per register is Rs. 15,43,512 but the amount is Rs. 15,35,442 as per I -3 of AFS. Also Receipt of rent from building as per register is Rs.15,35,442 but the amount is Rs.15,34,327 as per RP-43 of AFS.
7. Receipt of slaughter house as per register is Rs. 20,04,005/- but the amount is Rs. 17,66,000/- as per RP-43 of AFS, a difference of Rs. 2,38,005/- is noticed.
8. Receipt of market (current ) as per register is Rs. 15,30,290/- but the amount is Rs. 15,08,633/- as per RP -43 of AFS, a difference of Rs. 21657/- is noticed.
9. Deposit of contractors EMD as per register is Rs. 42,103 but the amount is Rs. 9500 as per RP-34 of AFS, a difference of Rs. 32,603/- is noticed
10. Deposit of Suppliers EMD as per register is Rs. 45,500 but the amount is Rs. 32000 as per RP – 34 of AFS, a difference of Rs. 13500 is noticed.
11. Deposit of Bidders EMD as per register is Rs. 16,40,500 but the amount is Rs. 10,30,500/- as per RP-34 of AFS , a difference of Rs. 6,10,000/- is noticed.
12. Rs. 15,75,450/- paid as part bill public works, but only Rs. 5,11,041/- is included in the B-11 (A), capital work in progress. Details not furnished.
13. Depreciation statement not produced for verification.
14. Basic Ratios, and notes for important accounting policies are, not included in AFS.

## 1-12 ഡി.ആന്റ് ഒ ലൈസൻസ് എടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 969 വ്യാപാരസ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ 595 പേർ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു.

ബാക്കി 374 പേർ ലൈസൻസ് എടുത്തിട്ടില്ല. 2017-18 വർഷം 558 പേർ ആണ് ലൈസൻസ് എടുത്തിരിക്കുന്നത്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ചിതൽവെട്ടി വാർഡിലെ (മാങ്കോട് ജംഗ്ഷനിലെ ) മാവേലി സ്റ്റോർ ലൈസൻസ് എടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല . ട്രേഡേഴ്സ് ലിസ്റ്റിലും ഈ സ്ഥാപനം ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം.15/04.02.2020.**

## 1-13 കുടിവെള്ള വിതരണ പദ്ധതി (53/19),വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല, എസ്റ്റിമേറ്റിൽ ഉയർന്ന നിരക്കിൽ സെന്റേജ് ചാർജ്ജ് കണക്കാക്കിയിരിക്കുന്നു, 10,00,000/- രൂപാ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ തുക-

ധനകാര്യ കമ്മീഷൻ ഗ്രാന്റ്-10,00,000/-

ജില്ലാ പഞ്ചായത്ത് ഫണ്ട്-30,000/-

ആകെ-13,00,000/- രൂപാ

ചെലവ്-10,00,000/- രൂപാ (ബിൽ നം 4/18-19, തീയതി.26-05-2018) എക്സി എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, കൊട്ടാരക്കരയിൽ അടച്ചു.

പത്തനാപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 03-03-2018ലെ ബി3-906/118 കത്തിൽ ആവശ്യപ്പെട്ടതു പ്രകാരം എക്സി എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ, കൊട്ടാരക്കര ഓഫീസിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നല്കി.

1)എം.എൻ.നഗർ ലക്ഷംവീട് ചരുവുകാലാ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (വാർഡ്-1)

| | | |
|---|---|---|
| 1 | Estimate amount | 199327.42 |
| 2 | Centage charge 12.5% | 24915.93 |
| 3 | Total with Centage charge | 224243.35 |
| 4 | Lump sum | 756.65 |
| 5 | Total Amount | 2,25,000/- |

2)മേട്ടിൽ ലക്ഷം വീട് കോളനി (വാർഡ്-12)

| | | |
|---|---|---|
| 1 | Estimate amount | 378579.3 |
| 2 | Centage charge 12.5% | 47322.41 |

| | | |
|---|---|---|
| 3 | Total with Centage charge | 425901.71 |
| 4 | Lump sum | 98.29 |
| 5 | Total Amount | 426000 |

3)വെള്ളാറമൺ (വാർഡ്-13)

| | | |
|---|---|---|
| 1 | Estimate amount | 314243.56 |
| 2 | Centage charge 12.5% | 39280.44 |
| 3 | Total with Centage charge | 353524 |
| 4 | Lump sum | 476 |
| 5 | Total Amount | 354000 |

4)ശിവജി നഗർ(വാർഡ്-16)

| | | |
|---|---|---|
| 1 | Estimate amount | 145395.39 |
| 2 | Centage charge 12.5% | 18174.42 |
| 3 | Total with Centage charge | 163569.81 |
| 4 | Lump sum | 430.19 |
| 5 | Total Amount | 164000 |

5)ശാസ്താംകാവ് കോളനി (വാർഡ്-16)

| | | |
|---|---|---|
| 1 | Estimate amount | 224270.63 |
| 2 | Centage charge 12.5% | 28033.83 |
| 3 | Total with Centage charge | 252304.46 |
| 4 | Lump sum | 695.54 |
| 5 | Total Amount | 253000 |

5 പ്രവൃത്തികൾക്കും കൂടി ആകെ എസ്റ്റിമേറ്റ് തുക -14,29,000/- രൂപ ഇതിൽ 10,00,000/- രൂപ ബിൽ നം 4/18-19, തീ .26-05-2018 പ്രാകാരം കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കി.

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തു നടത്തിവരുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കി വരുന്നതിൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള2.5% സെന്റേജ് ചാർജ്ജ് സ.ഉ.

(സാധാ) നം /1069 /2018/ തസ്വഭ വ, 16-04-2018 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്നതല്ലെന്ന് ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം എസ്റ്റിമേറ്റ് പരിഷ്കരിച്ച തുകയാണ് ഒടുക്കവരുത്തേണ്ടത്.

കൂടാതെ ടി പ്രവൃത്തിയിലെ ജില്ലാ പഞ്ചായത്ത് വിഹിതം 3,00,000/-രൂപ ഒടുക്കവരുത്തിയതു സംബന്ധിച്ചും, എസ്റ്റിമേറ്റ് പ്രകാരം ഒടുക്കവരുത്തുവാൻ അവശേഷിക്കുന്ന തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കവരുത്തിയിട്ടുള്ളതു സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ നല്കുവാനും, വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് 31-01-2020 ൽ ഓഡിറ്റ് അന്വേഷണം നല്കി. (നം-4) എസ്റ്റിമേറ്റ് പ്രകാരം ബാക്കി അടക്കുവാനുള്ള തുകയിൽ നിന്നും, സെന്റേജ് കുറച്ചുള്ള തുക മാത്രമേ സ്പിൽ ഓവറിൽ അടവാക്കൂ എന്ന് മറുപടി നൽകി.

വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കാതിരുന്നതിനാലും, സർക്കാർ ഉത്തരവുപ്രകാരം സെന്റേജ് ചാർജ്ജ് പരിഷ്കരിച്ച് അധികം ഈടാക്കിയിട്ടുള്ള തുക തിരികെ നല്കിയതിന്റെ രേഖകൾ ഹാജരാക്കാതിരുന്നതിനാലും 10,00,000/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.
**ഓഡിറ്റ് എൻക്വയറി നം. 4/31.01.2020**

## 1-14 അന്തിമ ബിൽ നല്കിയതിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. അധികം നല്കിയിട്ടുള്ള 5,875/- രൂപാ നിരാകരിക്കുന്നു.

താഴെകൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ **അന്തിമ ബിൽ നല്കിയതിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല.**

1)പ്രവൃത്തി- വടക്കോട്ടുപാട് റോഡ് കോൺക്രീറ്റിംഗ്

കരാറുകാരൻ-ശ്രീ. കെ നാരായണൻ,( 1% കുറവ് )

കരാർ-15/AE/LSGD/PTPM/ 18-19, 23-07-2018

അടങ്കൽ തുക-2,75,000/- രൂപാ

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല

ബില്ല് തയ്യാറാക്കിയിരിക്കുന്നത്

പ്രവൃത്തിമൂല്യം-2,55,540/-

(-)നിയമാനുസൃത കിഴിവുകൾ-5,136/-

കരാറുകാരന് നല്കിയ തുക-2,50,404/-

ബിൽ നം-25/ 118-19, തീ25-09-18

ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം-2,55,540/-

(-)ടെണ്ടർ കുറവ് 1%-2,555/-

തുക-2,52,985/-

(-)നിയമാനുസൃത കിഴിവുകൾ-5,085/-

കരാറുകാരന് നല്കേണ്ടിയിരുന്ന തുക-2,47,900/-രൂപ

അധികം നല്കിയ തുക 2,55,540-2,52,985=2,555/- രൂപ

2)പ്രവൃത്തി- കുണ്ടയം അംഗനവാടി ചുറ്റുമതിൽ നിർമ്മാണം

കരാറുകാരൻ-ശ്രീ. എസ്, സുഹൈൽ,( 1% കുറവ് )

കരാർ-11/AE/LSGD/PTPM/ 18-19, 23-07-2018

അടങ്കൽ തുക-1,00,000/- രൂപ

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല

ബില്ല് തയ്യാറാക്കിയിരിക്കുന്നത്

പ്രവൃത്തിമൂല്യം-75,091/-

(-)നിയമാനുസൃത കിഴിവുകൾ-1,510/-

കരാറുകാരന് നല്കിയ തുക-73,581/-

ബിൽ നം-61/ 18-19, തീ19-01-19

ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം-75,091/-

(-)ടെണ്ടർ കുറവ് 1%-751/-

തുക-74,340/-

(-)നിയമാനുസൃത കിഴിവുകൾ-1,493/-

കരാറുകാരന് നല്കേണ്ടിയിരുന്ന തുക-72,847/-രൂപ

അധികം നല്കിയ തുക 75091-74340=751/-രൂപ

3)പ്രവൃത്തി-മണക്കാട്ട് പുഴ ഹെൽത്ത് സബ് സെന്റർ മെയിന്റനൻസ്

കരാറുകാരൻ- ശ്രീ. അബ്ദുൾ അസീസ്. ( 1% കുറവ് )

കരാർ-48/AE/LSGD/PTPM/ 18-19, 10-10-2018

അടങ്കൽ തുക-2,00,000/- രൂപ

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല

ബില്ല് തയ്യാറാക്കിയിരിക്കുന്നത്

പ്രവൃത്തിമൂല്യം കണക്കാക്കിയിരിക്കുന്ന തുക-1,97,978/-

(-)നിയമാനുസൃത കിഴിവുകൾ-3,980/-

കരാറുകാരന് നല്കിയ തുക-1,93,998/-

ബിൽ നം-74/ 18-19, തീ30-01-19

ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം-1,98,398/-

(-)ടെണ്ടർ കുറവ് 1%-1,984/-

തുക-1,96,414/-

(-)നിയമാനുസൃത കിഴിവുകൾ-3,948/-

കരാറുകാരന് നല്കേണ്ടിയിരുന്ന തുക-1,92,466/-രൂപ

അധികം ചെലവഴിച്ച തുക 197978-196414=564/- രൂപ

4)പ്രവൃത്തി-മാങ്കോട് പുലരിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്

കരാറുകാരൻ- ശ്രീ. എസ്. സുഹൈൽ. ( 0.5% കുറവ് )

കരാർ-09/AE/LSGD/PTPM/ 18-19, 29-07-2018

അടങ്കൽ തുക-2,00,000/- രൂപ

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല.

ബില്ല് തയ്യാറാക്കിയിരിക്കുന്നത്

പ്രവൃത്തിമൂല്യം കണക്കാക്കിയിരിക്കുന്ന തുക-1,99,000/-

(-)നിയമാനുസൃത കിഴിവുകൾ-4,000/-

കരാറുകാരന് നല്കിയ തുക-1,95,000/-

ബിൽ നം-34/ 18-19, തീ13-11-2018

ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം-1,99,000/-

(-)ടെണ്ടർ കുറവ് 0.5%-995/-

തുക-1,98,005/-

(-)നിയമാനുസൃത കിഴിവുകൾ-3,980/-

കരാറുകാരന് നല്കേണ്ടിയിരുന്ന തുക-1,94,025/-രൂപ

അധികം നല്കിയ തുക199000-198005=995/- രൂപാ

അപാകതകൾ സംബന്ധിച്ച് 31-01-2020 ൽനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-5)ടെണ്ടർ ക്ഷണിച്ച തുകയെ അടിസ്ഥാനമാക്കിയാണ് തുക നല്കിയിട്ടുള്ളതെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കുറവ് വരുത്തി നിയമാനുസൃത കിഴിവുകൾക്ക് ശേഷമുള്ള തുക കരാറുകാർക്ക് നല്കുകയാണ് ചെയ്യേണ്ടത്. ആയതിനാൽഅന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ലാത്തതിനാൽ 4 പ്രവൃത്തികളിലായി **അധികം നല്കിയിട്ടുള്ള 5,875/- രൂപാ തിരികെ ഒടുക്ക വരുത്തേണ്ടതാണ്.**

## 1-15 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- അവലോകനം

അടങ്കൽ തുക

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ-21,15,00,000/-

തനത് ഫണ്ട്-2,35,00,000/-

ആകെ-23,50,00,000/- രൂപ

പത്തനാപുരം വില്ലേജിൽ സർവ്വേ നമ്പർ 477/17-1 ൽ ഉൾപ്പെട്ട 82.091 ആർ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് 14927.04 ച.മീ. വിസ്തീർണ്ണത്തിൽ 5 നിലകളുള്ള commercial cum assembly building നിർമ്മിക്കുന്നതിന്, കെട്ടിടത്തിന്റെ ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും ചീഫ് ഠൗൺ പ്ലാനർ, തിരുവനന്തപുരത്തിന്റെ ഉത്തരവ് നം സി3- 1497/2017/ഡിഡിസ് പ്രകാരം നിബന്ധനകളോടെ അംഗീകാരം നല്കി.

ചീഫ് എഞ്ചിനീയർ, തസ്വഭ വ, യുടെ 19-01-2018 ലെ LSGD/TS/2017-18/41730 പ്രകാരം ടി പ്രോജക്ടിന് 23,50,00,000/- രൂപായുടെ സാങ്കേതിക അനുമതി ലഭിക്കുകയും, പ്രോജക്ടിന്റെ നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെ തീരുമാനിച്ചു.

കെ യു ആർ ഡി എഫ് സിയുടെ 17-09-2018 ലെ KURDFC/GP/504/2017 ആയുള്ള വായ്പാ അനുമതി കത്ത് പ്രകാരം 23,50,00,000/- രൂപ ചെലവുള്ള പ്രോജക്ടിനായി 21,15,00,000/- രൂപ വായ്പ അനുവദിച്ചു. 10% വാർഷിക പലിശ ഈടാക്കുന്ന വായ്പയുടെ തിരിച്ചടവ് കാലയളവ് 8 വർഷമാണ്. വായ്പ അനുവദിച്ചു കൊണ്ടുള്ള കത്തിലെ വ്യവസ്ഥ (ജെ) പ്രകാരം The company will charge a commitment fee of 1% if the sanctioned loan is not availed by the grama panchayath within 6 months from the date of this intimation viz 17-09-2018 എന്നതാണ്.

05-09-2018 ൽ ടി പ്രവൃത്തിയുടെ നിർവ്വഹണത്തിലെ അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി 44/AE/LSGD/Pathanapuram/18-19 പ്രകാരം കരാർ വച്ചു.

കരാറിലെ വ്യവസ്ഥ 7 പ്രകാരം പ്രവൃത്തി നടത്തുന്നതിനായി കരാർ തുകയുടെ 25% വരുന്ന തുക ഗ്രാമ പഞ്ചായത്ത് അഡ്വാൻസായി നല്കുന്നതാണ്. ഗ്രാമ പഞ്ചായത്ത് നിർദ്ദേശിക്കുന്ന

തരത്തിലുള്ള നോട്ടീസ് ബോർഡ് പ്രവൃത്തി നടക്കുന്ന സ്ഥലത്ത് വച്ചതിനുശേഷവും പ്രത്യേക കരാർ ഉടമ്പടി വച്ചതിനു ശേഷവും മാത്രമേ മൊബിലൈസേഷൻ അഡ്വാൻസ് നല്കുകയുള്ളൂ.

2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഏജൻസിക്ക് മൊബിലൈസേഷൻ അഡ്വാൻസ് ആയി 2,00,00,000/- രൂപ നല്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന നിർമ്മാണ പ്രവർത്തനമാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം.ഇപ്രകാരം ഒരു പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് കാണിച്ച ആർജ്ജവം അഭിനന്ദനാർഹമാണ്. യഥാസമയം നിർമ്മാണം പൂർത്തീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നല്കുന്നതിനും, മുടക്കം കൂടാതെ വായ്പാ തുക തിരിച്ചടയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അടിസ്ഥാന സൗകര്യമൊരുക്കൽ,കൺസൾട്ടൻസി ഫീ ഇനത്തിൽ നല്കിയ തുകയിലെ അപാകതകൾ-9,72,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അടിസ്ഥാന സൗകര്യമൊരുക്കൽ, പ്രോജക്റ്റ് തയ്യാറാക്കൽ ചെലവുകൾ (208/ 19)

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അടിസ്ഥാന സൗകര്യമൊരുക്കൽ(73 /19)

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അടിസ്ഥാന സൗകര്യമൊരുക്കൽ, പ്രോജക്റ്റ് തയ്യാറാക്കൽ ചെലവുകൾ (208/19) എന്ന പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രോജക്റ്റ് തയ്യാറാക്കിയ അശോക് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് 09-07 2018ലെ കണക്കുപ്രകാരം സ്റ്റേജ് -1, കൺസൾട്ടൻസി ഫീ ഇനത്തിൽ, 27-07-2018 ലെ ചെക്ക് നം 8787 പ്രകാരം 5,00,000/- രൂപ നല്കി . ടിസ്ഥാപനത്തിന്റെ 09-07 2018ലെകണക്കു പ്രകാരം സ്ഥാപനത്തിന് സ്റ്റേജ് -1, കൺസൾട്ടൻസി ഫീ ഇനത്തിൽ നല്കിയിട്ടുള്ള തുക 13,97,729/- രൂപയും നല്കുവാൻ അവശേഷിക്കുന്ന തുക 9,60,816/- രൂപയും ആയിരുന്നു.

തുടർന്ന് (73 /19) പ്രോജക്റ്റിൽ ഉൾപ്പെടുത്തി ടി സ്ഥാപനത്തിന്റെ 18-02-2019 ലെ കണക്കുപ്രകാരം ചെക്ക് നം 10544 തീ 02-03-2019 പ്രകാരം4,72,000/- രൂപ കൂടി നല്കി. ടി സ്ഥാപനം നല്കിയിട്ടുള്ള കണക്കിൽ താഴെ കൊടുത്തിരിക്കുന്ന അപാകത കാണുന്നു.

09-07-2018 ലെ കണക്കുപ്രകാരം സ്ഥാപനത്തിന് സ്റ്റേജ് -1, കൺസൾട്ടൻസി ഫീ ഇനത്തിൽ നല്കിയിട്ടുള്ള ആകെ തുക 13,97,729/-

ഇനി നല്കാനുള്ള തുക-9,60,816/- രൂപ

സ്ഥാപനത്തിന് 27-07-2018 ൽ നല്കിയ തുക -5,00,000/- രൂപ

എന്നാൽ 18-02-2019 ലെ കണക്കുപ്രകാരം സ്ഥാപനത്തിന് സ്റ്റേജ് -1, കൺസൾട്ടൻസി ഫീ ഇനത്തിൽ നല്കിയിട്ടുള്ള ആകെതുക -16,75,681 /-രൂപ

ഇനി നല്കാനുള്ള തുക-6,82,864/- രൂപ

സ്ഥാപനം നല്കുന്ന കണക്കും പഞ്ചായത്ത് നല്കിയിട്ടുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സ്ഥാപനവുമായി വച്ചിട്ടുള്ള കരാർ, കൺസൾട്ടൻസി ഫീസിനത്തിൽ സ്ഥാപനത്തിന് ഇതുവരെ നല്കിയിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് 03-02-2020 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-09) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൺസൾട്ടൻസി ഫീസിനത്തിൽ 2018-19 സാമ്പത്തിക വർഷം നല്കിയിട്ടുള്ള **9,72,000/- രൂപാ തടസ്സപ്പെടുത്തുന്നു.** നല്കേണ്ട തുകയും നല്കിയ തുകയും തമ്മിൽ നിലനില്ക്കുന്ന അപാകത പരിശോധിക്കേണ്ടതും, അപാകതകൾ പരിഹരിക്കേണ്ടതുമാണ്. കൂടാതെ സ്ഥാപനവുമായി വച്ചിട്ടുള്ള കരാർ, കൺസൾട്ടൻസി ഫീസിനത്തിൽ സ്ഥാപനത്തിന് ഇതുവരെനല്കിയിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-17 കാലിബാരൽ വില ഈടാക്കിയിട്ടില്ല ,1,01,160/- രൂപാ തിരികെ ഈടാക്കണം

Packed bitumin rate ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല

| ക്രമ.നം | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ (വിജി-30--156/ ബാരൽ, ആർ എസ്-1-156/ ബാരൽ) | ഈടാക്കേണ്ടിയിരുന്ന തുക (238+18%ജി എസ് ടി =281 |
|---|---|---|---|
| 1 | ആദംകോട് കടവ്റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-1400000 (സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. എം എസ് സുധിശൻ കരാർ-13/17-18/AE/LSGD, 08-12-17, ബിൽ നം-100/23-03-2019 | വിജി-30-2884.26 കി.<br>ആർ എസ്-1-270 കി. | 19x 281=5339 |
| 2 | കല്ലുംകടവ് വടക്കാച്ചേരി റോഡ്<br>അടങ്കൽ തുക-11580000 (സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. ബേബി തോമസ് കുട്ടി കരാർ-54/17-18/AE/LSGD, | വിജി-30-8127 കി.<br>ആർ എസ്-1-752കി. | 56x 281=15736 |

| | | | |
|---|---|---|---|
| | 31-03-18, ബിൽ നം-62/29-12-2018 | | |
| 3 | എടത്തറ അറബിക് കോളജ് പാർശ്വഭിത്തി നിർമ്മാണവും ടാറിംഗും<br>അടങ്കൽ തുക-1000000 (സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. ബേബി തോമസ് കുട്ടി കരാർ-54/17-18/AE/LSGD, 31-03-18, ബിൽ നം-26/25-09-2018 | വിജി-30-5315 കി.<br>ആർ എസ്-1-488കി. | 37x 281=10397 |
| 4 | ലയം പാറത്തോട് റോഡ് റീ ടാറിംഗും,കോൺക്രീറ്റും<br>അടങ്കൽ തുക-1400000 (സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. ബേബി തോമസുകുട്ടി കരാർ-38/17-18/AE/LSGD, 05-09-18, ബിൽ നം-77/11-03-2019 | വിജി-30-2633.63 കി.<br>ആർ എസ്-1-236.5 കി. | 19x 281=5339 |
| 5 | മുസ്ലീം പള്ളി എംഎൻ നഗർ ടാറിംഗ്<br>അടങ്കൽ തുക-1200000 (സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ. ജോസ് ജി ദാനിയേൽ കരാർ-40/17-18/AE/LSGD, 05-09-18, ബിൽ നം-66/03-01-2019 | വിജി-30-2649 കി.<br>ആർ എസ്-1-270 കി. | 19x 281=5339 |
| 6 | ലാസർപ്പള്ളി- ജോബ് ദാനിയേൽറോഡ് പാർശ്വഭിത്തി നിർമ്മാണവും ടാറിംഗും<br>അടങ്കൽ തുക-800000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീറോയി ജി ജോർജ്ജ് കരാർ-04/17-18/AE/LSGD, 07-12-17, ബിൽ നം-6/28-05-2018 | വിജി-30-4268.7കി.<br>ആർ എസ്-1-406.35 കി. | 29x 281=8149 |
| 7 | വെണ്ടർപ്പടി പുത്തൻ വിള റോഡ് ടാറിംഗ് | വിജി-30-2365.1കി. | 17x 281=4777 |

| | | | |
|---|---|---|---|
| | അടങ്കൽ തുക-750000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീറോയി ജി ജോർജ്ജ് കരാർ-05/17-18/AE/LSGD, 07-12-17, ബിൽ നം-6/28-05-2018 | ആർ എസ്-1-212 കി. | |
| 8 | വൈഎംസിഎ ചെലക്കോട് റോഡ്<br>അടങ്കൽ തുക-750000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീആർ അഫ്സൽ കരാർ-36/17-18/AE/LSGD, 22-02-18, ബിൽ നം-8/31-05-2018 | വിജി-30-6033.82കി.<br>ആർ എസ്-1-573 കി. | 42x 281=11802 |
| 9 | ആദംകോട് തേക്കുവിള റോഡ്<br>അടങ്കൽ തുക-1000000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീടി മണിലാൽ കരാർ-43/17-18/AE/LSGD, 05-09-18, ബിൽ നം-90/09-03-2019 | വിജി-30-2402.7കി.<br>ആർ എസ്-1-236 കി. | 18x 281=5058 |
| 10 | എ വിടി കാലായിൽ റോഡ് പാർശ്വഭിത്തി നിർമ്മാണവും ടാറിംഗും<br>അടങ്കൽ തുക-1000000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീറോയി.പി.ജോർജ്ജ് കരാർ-68/17-18/AE/LSGD, 15-10-18, ബിൽ നം-78/11-03-2019 | വിജി-30-5229കി.<br>ആർ എസ്-1473 കി. | 37x 281=10397 |
| 11 | ചേലക്കാട് ഗവ. ഹോസ്പിറ്റൽ റോഡ് റീ ടാറിംഗും,കോൺക്രീറ്റും<br>അടങ്കൽ തുക-495000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീഎസ്. അബ്ദു റഹിമാൻ | വിജി-30-1533കി.<br>ആർ എസ്-152കി. | 11x 281=3091 |

| | | | |
|---|---|---|---|
| | കരാർ-78/18-19/AE/LSGD, 22-01-19 ബിൽ നം-85/11-03-2019 | | |
| 12 | കഴുവാക്കാട് വയൽ റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-700000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ വൈ.ജോർജ്ജ്കുട്ടി കരാർ-33/18-19/AE/LSGD, 03-09-18 ബിൽ നം-84/11-03-2019 | വിജി-30-3394കി.<br>ആർ എസ്-304കി. | 24x 281=6744 |
| 13 | നെടുമ്പറമ്പ് തൈക്കാവ് കട്ടക്കമ്പനി റോഡ് പാർശ്വഭിത്തി നിർമ്മാണവും ടാറിംഗും<br>അടങ്കൽ തുക-800000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ ബേബി തോമസ് കുട്ടി കരാർ-77/18-19/AE/LSGD, 10-12-18 ബിൽ നം-79/11-03-2019 | വിജി-30-2241കി.<br>ആർ എസ്-203കി. | 16x 281=4496 |
| 14 | പാതിരിക്കൽ ലക്ഷംവീട് നെടുമ്പറമ്പ് റോഡ്<br>അടങ്കൽ തുക-499000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ ആർ.അഫ് സൽ കരാർ-13/18-19/AE/LSGD, 23-07-18 ബിൽ നം-72/28-01-2019 | വിജി-30-2158കി.<br>ആർ എസ്-203കി. | 16x 281=4496 |
| | | | 101160 |

കാലി ബാരലിന്റെ വില ഇനത്തിൽ അന്തിമ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 1,01,160/- രൂപ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-18 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഉപകരണങ്ങൾ വിതരണം ചെയ്തു

കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷൻ വഴി വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യാതെ സൂക്ഷിക്കുകയും ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് വിതരണം

ചെയ്യുകയും ചെയ്തു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതി,നം | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ (140/19) |
| അടങ്കൽ തുക | 161000/-(വികസന ഫണ്ട്) |
| ചെലവ് തുക | 1,60,983/-(15/18-19/23.03.19) |

പ്രസ്തുത പദ്ധതി പ്രകാരം 40% അധികം വൈകല്യമുള്ള ഭിന്നശേഷിയുള്ളവർക്ക് അവരവരുടെ വൈകല്യത്തിനനുസരിച്ച് മെഡിക്കൽ ക്യാമ്പിൽ മെഡിക്കൽ ഓഫീസർ നിർണ്ണയിക്കുന്ന വൈകല്യങ്ങൾക്കുള്ള ഉപകരണങ്ങൾ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്തിരുന്നു. ടി പദ്ധതി പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷനിൽ നിന്നും 1,60,983/- രൂപ ചെലവഴിച്ച് 11 ഇനം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. അനുബന്ധരേഖകളും വിതരണ രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും Leg Gaitor 5എണ്ണം വാങ്ങിയതിൽ 3 എണ്ണവും, BTE Channel Free Programmable Hearing Aid For Moderate to Profound 8 എണ്ണം വാങ്ങിയതിൽ 4 എണ്ണവും മാത്രമാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്.

Hearing Aid നൽകിയ ഗുണഭോക്താക്കളായ ശ്രീ .സുനിൽ(വാർഡ് നം .15),ശ്രീ.ഹാരിസ് (വാർഡ് നം .15) എന്നിവർക്ക് ലഭ്യമായ Hearing Aid ബാറ്ററിയും സ്പീക്കറും ഇല്ലാത്തതായിരുന്നുവെന്നും ആയതിനാൽ നാളിതു വരെ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

മേൽ പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (നം.1/29.1.2020) കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷൻ 3.2.2020 ൽ Hearing Aid ബാറ്ററിയും സ്പീക്കറും ഫിറ്റ് ചെയ്യുകയും വിതരണം ചെയ്യാനവശേഷിച്ചിരുന്ന ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തു എന്ന് മറുപടി ലഭ്യമാക്കുകയും ചെയ്തു. കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷൻ വഴി വിതരണം ചെയ്ത ഉപകരണങ്ങൾക്ക് വാറന്റി കാലയളവ് രേഖപ്പെടുത്തിയിട്ടുമില്ല. മേൽ പരാമർശിത അപാകതകൾ പ്രകാരം പദ്ധതി നടപ്പിലാക്കിയതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ഭിന്നശേഷിയുള്ളവർക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ അവർക്ക് പ്രയോജനപ്പെടത്തക്കരീതിയിൽ സമയബന്ധിതമായി നടപ്പിലാക്കാൻ അധികൃതരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഭവന പുനരുദ്ധാരണം -യു.എ നമ്പറുള്ള ഭവനത്തിനായി തുക അനുവദിച്ചു.

ഭവന പുനരുദ്ധാരണം പദ്ധതിയിൽ യു.എ നമ്പറുള്ള ഭവനത്തിനായി തുക അനുവദിച്ചു നൽകി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| പദ്ധതി,നം | ഭവന പുനരുദ്ധാരണം, (27/19) |
| അടങ്കൽ തുക | 20,00,000/- (വികസന ഫണ്ട്) |
| ചെലവ് തുക | 17,00,000/- |

ഭവന പുനരുദ്ധാരണം പദ്ധതിയിൽ ശ്രീമതി. ചന്ദ്രമതിയമ്മ,രാജി ഭവനം,മാങ്കോട് (വാർഡ് നം.5)എന്ന വ്യക്തിയുടെ യു.എ നമ്പറുള്ള ഭവനത്തിന് ഭവന പുനരുദ്ധാരണത്തിനായി 50,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. യു.എ നമ്പറുള്ള ഭവനത്തിന് തുക വൌച്ചർ നമ്പർ 21800958/7.12.18 അനുവദിക്കാനുള്ള സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/31.1.2020)മറുപടി നൽകിയിട്ടുള്ളത് മലയോര വാർഡുകളിൽ മിക്ക വീടുകളും സ്ഥിതിചെയ്യുന്നത് കൈവശരേഖകൾ മാത്രമുള്ള വസ്തുവിലാണെന്നും ആയതിനാൽ അത്തരം ഭൂമിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് യു.എ നമ്പരാണ് നൽകുന്നതെന്നും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭവന പുനരുദ്ധാരണത്തിനായി തുക അനുവദിച്ച് നൽകിയത് എന്നുമാണ്. യു.എ നമ്പരുള്ള കെട്ടിടങ്ങളെ ക്രമവത്ക്കരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ആശ്രയ-അഗതിരഹിത കേരളം -പദ്ധതി തുക ചെലവഴിച്ചിട്ടില്ല

ആശ്രയ-അഗതിരഹിത കേരളം പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 2,77,300/- മാറി നൽകിയ തുക ചെലവഴിക്കാതെ കുടുംബശ്രീ സി.ഡി.എസ് - ന്റെ ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി,നം | ആശ്രയ-അഗതിരഹിത കേരളം (49/19) |
| അടങ്കൽ തുക | 2,77,300/- (വികസന ഫണ്ട്) |

| | |
|---|---|
| | 12,00,000/-(സംസ്ഥാന വിഹിതം)<br>2,00,000/-(ബ്ലോക്ക് വിഹിതം)<br>2,00,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | 2,77,300/-(ബിൽ നം.10/18-19/26.3.19) |

ആശ്രയ-അഗതിരഹിത കേരളം പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 2,77,300/- കുടുംബശ്രീ സി.ഡി.എസ് ന്റെ ഇൻഡ്യൻ ബാങ്ക് അക്കൌണ്ട് നം.943576481 ലേയ്ക്ക് 27.3.19 ൽ മാറി നല്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ടി പദ്ധതിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പാസ്സ് ബുക്ക് പരിശോധിച്ചതിൽ ഡിസംബർ മാസം വരെ ചലഞ്ച് ഫണ്ട് ഉൾപ്പടെ 10,46,208/- രൂപ ടി അക്കൌണ്ടിൽ അവശേഷിക്കുന്നു.തുക മാറി നൽകിയിട്ടും പദ്ധതിക്കായി തുക ചെലവഴിക്കാതിരുന്നതിനായി വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/3.2.2020) മറുപടി ലഭ്യമാക്കിയിട്ടുള്ളത് ചലഞ്ച് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചതിന് ശേഷം മാത്രമേ വികസനഫണ്ട് തുക ചെലവഴിക്കാവൂ എന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിനാലാണ് വികസന ഫണ്ട് ചെലവഴിക്കാതിരുന്നത് എന്നാണ്. സമൂഹത്തിലെ നിരാലംബരായ അഗതികൾക്കായി പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് അംഗീകരിക്കാനാവില്ല. ഇക്കാര്യത്തിൽ അധികൃതരുടെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണ്. തുടർന്ന് വരുന്നമാസങ്ങളിൽ ചലഞ്ച്ഫണ്ട് പൂർണ്ണമായും ചെലവഴിച്ചതിന് ശേഷം വികസന ഫണ്ട് ചെലവഴിക്കുന്നതാണ് എന്ന വിവരമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ആയതിനാൽ വികസന ഫണ്ട് ചെലവഴിച്ച് ആയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ വികസനഫണ്ടിൽ നിന്നും മാറി നൽകിയിട്ടുള്ള 2,77,300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 അംഗീകാരമില്ലാത്ത തസ്തികയിൽ ആളെ നിയമിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ ആയി ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിച്ചിട്ടുണ്ട്. നിലവിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ നിയമിക്കാൻ ആവശ്യമായ ഗവൺമെന്റ് ഉത്തരവ് ഇല്ലാതിരിക്കുകയും ക്ലർക്ക് തസ്തികയിൽ വരുന്ന ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിക്കുകയും ചെയ്യുന്ന

സാഹചര്യത്തിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ ആയി ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയമിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഹോസ്പിറ്റൽ കിയോസ്ക് എന്നതിനുവേണ്ടി ആണ് ആളെ നിയമിച്ചത് എന്നറിയിച്ചു. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഹോസ്പിറ്റൽ കിയോസ്ക് പ്രവർത്തിക്കുന്നില്ല എന്നും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചതിനാണ് തുക നൽകിയിരിക്കുന്നത് എന്നും വൗച്ചറിൽ നിന്നും വ്യക്തമായിരിക്കുന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | നിരക്ക് | തുക |
|---|---|---|
| 21800211/1-6-18 | 26*710 | 18460 |
| 21800311/2-7-18 | 24*710 | 17040 |
| 21800552/20-8-18 | 22*725 | 19575 |
| 21800563/23-8-18 | 1210 | 1210 |
| 21800673/1-10-18 | 23*725 | 16675 |
| 21800801/1-11-18 | 28*725 | 20300 |
| 21800906/1-12-18 | 24*725 | 17400 |
| 21801037/1-1-2019 | 26*725 | 18850 |

129510/-രൂപ തിരിക ഈടാക്കേണ്ടതാണ്.

## 1-22 കോഴി വിതരണം --രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് ---കോഴി വിതരണം

അടങ്കൽ 300000/-

1,50,000/-(വികസനഫണ്ട് ജനറൽ )

1,50,000/-(ഗുണ. വിഹിതം)

ചെലവ്

1,50,000/-(വികസനഫണ്ട് ജനറൽ )

1,50,000/-(ഗുണ. വിഹിതം)

| ബിൽ നമ്പർ , തീയതി തുക | കോഴി വിതരണം നടത്തിയ സ്ഥാപനം | സ്ഥാപനത്തിന്റെ ബിൽനമ്പർ | വാങ്ങിയ കോഴികൾ, നിരക്ക് | തുക നൽകിയ ഫണ്ടിനം |
|---|---|---|---|---|
| 11/18-19/26-2-19,49000/- | കൃഷ്ണാ പൗൾട്രി ഫാം | 10 | 50 രൂപാ നിരക്കിൽ 980 എണ്ണം | മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകി |
| 7/18-19/5-1-19,46000/- | കൃഷ്ണാ പൗൾട്രി ഫാം | 4 | 50 രൂപാ നിരക്കിൽ 920 എണ്ണം | മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകി |
| 3/18-19/ 31-10-18, 40,000/- | കൃഷ്ണാ പൗൾട്രി ഫാം | ഹാജരാക്കിയിട്ടില്ല | ലഭ്യമല്ല | ലഭ്യമല്ല |
| 4/18-19/2-12-18 15000/* | ദീപം എഗ്ഗർ നഴിസറി | ഹാജരാക്കിയിട്ടില്ല | ലഭ്യമല്ല | ലഭ്യമല്ല |

ബിൽ നമ്പർ 11/18-19/26-2-2019 --49,000/- രൂപാ കൃഷണാ പൗൾട്രി ഫാം എന്ന സ്ഥാപനത്തിന്റെ ബിൽ നമ്പർ 10 പ്രകാരം 50 രൂപാ നിരക്കിൽ 980 എണ്ണം കോഴിയെ വാങ്ങി. മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകി.

ബിൽ നമ്പർ 7/18-19/5-1-2019 പ്രകാരം പിൻവലിച്ച 46,000/- രൂപായും കൃഷണാ പൗൾട്രി ഫാം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 4 920*50—46,000/-)മുഴുവൻ തുകയും വികസനഫണ്ടിൽ നിന്നും നൽകി.

ബിൽ നമ്പർ 3/18-19 *31-10-2018 പ്രകാരം പിൻവലിച്ച 40,000/-* രൂപയും കൃഷണാ പൗൾട്രി ഫാം സ്ഥാപനത്തിന്റെ ഉടമയായ ശ്രീമതി ശ്രീലതയ്ക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ആയതിന് സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ എത്ര എണ്ണം കോഴി വാങ്ങി എന്നും ആയതിന് ഗുണഭോക്തൃ വിഹിതമിനത്തിലും വികസനഫണ്ടിനത്തിലും എത്ര തുക നൽകി എന്നും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല.

ബിൽ നമ്പർ 4/18-19/ 2-12-18 പ്രകാരം 15,000/- രൂപാ പിൻവലിച്ച് രാഹുൽ രത്നാകരൻ എന്ന വ്യക്തിക്ക് നൽകിയിരിക്കുന്നതിൽ സ്ഥാപനത്തിന്റെ ബിൽ(ദീപം എഗ്ഗർ നഴ്സറി യുടെ) ഹാജരാക്കിയിട്ടില്ല. ആയതിനാൽ എത്ര എണ്ണം കോഴി വാങ്ങി എന്നും ആയതിന് ഗുണഭോക്തൃവിഹിതമിനത്തിലും വികസനഫണ്ടിനത്തിലും എത്ര തുക നൽകി എന്നും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല.

ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിച്ച 1,5,000/-തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 3,00,000/- (1,50,000+1,50,000)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 10/3-2-2020

## 1-23 മോട്ടോർ മാറ്റി വച്ചിട്ടും പഴയ മോട്ടോർ ലേലം ചെയ്തിട്ടില്ല.

പത്തനാപുരം കല്ലുംകടവ് പ്രൈവറ്റ് ബസ്സ് സ്റ്റാന്റിലെ കിണറിലെ മോട്ടോർ കേടായതിനാൽ ആയത് മാറ്റി പുതിയ1.5 എച്ച്. പി. മോട്ടോർ സ്ഥാപിച്ചിരുന്നു. ആയതിന്റെ വിലയായ 8500/- രൂപാ 11-6-2018 തീയതിയിലെ 8570 നമ്പർ ചെക്ക് പ്രകാരം തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിരുന്നു. (വൗച്ചർ നമ്പർ 218000249) എന്നാൽ പഴയ മോട്ടോർ ലേലം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയത് സൂക്ഷിച്ചിട്ടുണ്ടെന്നും ലേലം ചെയ്ത വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 11/3-2-2020

## 1-24 മാലിന്യശേഖരണം സാനിട്ടേഷൻ സൊസൈറ്റിക്ക് തുക നൽകൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല

മാലിന്യശേഖരണത്തിനായി ഹരിത കർമ്മ സേനയ്ക്ക് പകരം പ്രവർത്തിക്കുന്ന സാനിട്ടേഷൻ സൊസൈറ്റി ക്ക് താഴെ പറയും പ്രകാരം തുക നൽകിയിരിക്കുന്നു.

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|
| 21800101/30-4-18 | 8125/30-4-2018 | 58500/- |
| 21800190/28-5-18 | 8413/28-5-18 | 5400/- |

സാനിട്ടേഷൻ സൊസൈറ്റി അംഗങ്ങളുടെ ദിവസവേതനം നൽകാനായി ആണ് ടി തുക നൽകിയിരിക്കുന്നത്. സാനിട്ടേഷൻ സൊസൈറ്റി യൂസർഫീ പിരിക്കുകയും കൂടാതെ ദിവസം

300/- രൂപാ നിരക്കിൽ വേതനവും നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഹരിത കർമ്മസേന പ്ലാസ്റ്റിക് മാത്രമേ ശേഖരിക്കുകയുള്ളൂ എന്നും എന്നാൽ സാനിട്ടേഷൻ സൊസൈറ്റി എല്ലാ ജൈവമാലിന്യങ്ങളും ശേഖരിക്കുകയും ചെയ്യുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് ചെയ്യുന്നില്ല. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ മാങ്കോട് ശിശു മന്ദിരത്തിന് മുകളിൽ വാരി ക്കുട്ടി ഇട്ടിരിക്കുകയാണ്. ജൈവമാലിന്യങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ജെ.സി.ബി. ഉപയോഗിച്ച് നീക്കം ചെയ്യുതിന് മാസം തോറും ഒരു നിശ്ചിത തുക ചെലവഴിച്ചിട്ടുണ്ട്. ആയതിനാലൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ സാനിട്ടേഷൻ കമ്മിറ്റി യൂസർ ഫീ പിരിക്കുന്നതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സാനിട്ടേഷൻ സൊസൈറ്റിക്കായി ചെലവഴിച്ച 63,900/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 മണ്ണ് ലേലം --പൂർണ്ണമായും നടന്നിട്ടില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന കോമ്പൗണ്ടിൽ നിന്നും 21000 എം 3 മണ്ണ് നീക്കുന്നതിന് റോയൽറ്റി ഇനത്തിൽ തുക അടവാക്കിയിട്ടുണ്ട്. എന്നാൽ ടിമണ്ണ് പൂർണ്ണമായും ലേലം ചെയ്ത് വിറ്റിട്ടില്ല. എം3 ന് 71.50/- രൂപാ നിരക്കിൽ മാലൂർ മണിദീപം വാർഡിൽ വിഷ്ണു. ജി. നായർ എന്ന വ്യക്തിയാണ് മണ്ണ് ലേലം എടുത്തത്. 25-6-2018 തീയതി മുതൽ 15-9-18 വരെ ആണ് ആയതിന് പെർമിറ്റ് നൽകിയിരിക്കുന്നത്. എന്നാൽ പ്രകൃതി ക്ഷോഭം മൂലം മണ്ണ് പൂർണ്ണമായും എടുത്തു മാറ്റാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 5,00,000/- രൂപാ മുൻകൂറും 4,50,000/- രൂപയും ഉൾപ്പെടെ 9,50,000/- രൂപാ മാത്രമേ കരാറുകാരൻ ഒടുക്കിയിട്ടുള്ളൂ. 15,467.62 എം3 മണ്ണ് മാത്രമേ നീക്കം ചെയ്തിട്ടുള്ളൂ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച് ആർ.ആർ നടപടി തുടങ്ങിയെങ്കിലും തൽക്കാലം നിറുത്തിയിരിക്കുകയാണ് . ആകെ എടുത്ത 15,467.62 എം3 മണ്ണിന്റെ വിലയായ 11,05,934.83/- രൂപയിൽ 9,50,000/- രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ. ബാക്കി 1,55,934.83/- രൂപ ഒടുക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 പാലിയേറ്റീവ് കെയർ-മരുന്നു വാങ്ങൽ രേഖകൾ ഹാജരാക്കിയിട്ടില്ല

പാലിയേറ്റീവ് കെയർ-മരുന്ന വാങ്ങൽ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| പദ്ധതി,നം | പാലിയേറ്റീവ് കെയർ (21/19) |
| അടങ്കൽ തുക | 600000/-(വികസന ഫണ്ട്) |
| ചെലവ് തുക | 577750/-(വൌച്ചർ നമ്പർ-21801398/16.03.19) |

പാലിയേറ്റീവ് കെയർ പദ്ധതിയിൽ 2,00,000/- രൂപ മരുന്ന വാങ്ങലിനായി കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം 2017-18 ലെ പ്രൊഫോർമ ഇൻവോയ്സ് നം.PRF 1403 /17.10.17 പ്രകാരമാണ് തുക ഒടുക്കു വരുത്തിയതായി കാണുന്നത് . 2018-19 ലെ മരുന്ന വാങ്ങലുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്ന് വാങ്ങലിനായി ചെലവഴിച്ച 2,00,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.16/18-19/04.02.2020**

## 1-27 കാലിത്തീറ്റ സബ്സിഡി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ 55/19

പ്രോജക്ട് – കാലിത്തീറ്റ സബ്സിഡി

അടങ്കൽ 13,00,000/-

ചെലവ്-6,50,000/-

ബിൽ നമ്പർ 8/18-19/22-1-19---5,50,000/-

9/18-19/6-2-19---1,00,000/-

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യണം. കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ തീറ്റ നൽകാം. കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താക്കൾ നേരിട്ട് പരിസരസ്ഥാപനങ്ങളിൽ നിന്ന് കാലിത്തീറ്റ വാങ്ങുകയും

ആയതിന്റെ ബില്ല് ഹാജരാക്കുമ്പോൾ പരമാവധി സബ്സിഡി ആയ 10,000/- രൂപ മാറി നൽകുകയും ആണ് ചെയ്തിരിക്കുന്നത്. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല . ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 6,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക 6,50,000/-

**ഓഡിറ്റ് എൻക്വയറി നമ്പർ 10/3-2-2020**

## 1-28 രസീതു വാങ്ങാനായി തുക നൽകിയെങ്കിലും രസീതു ലഭിച്ചില്ല.

ഗ്രാമപഞ്ചായത്തിലേക്ക് രണ്ട ബോക്സ് സാംഖ്യ രസീതു വാങ്ങാനായി 25-9-2018 തീയതിയിലെ 9184 നമ്പർ ചെക്ക് പ്രകാരം 8,674/- രൂപാ ഗ്രാമലക്ഷമി മുദ്രാലയത്തിന് നൽകിയെങ്കിലും ആയത് നാളിതുവരെ ലഭിച്ചതായി സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക നൽകിയെങ്കിലും രസീതു ലഭ്യമാക്കിയിട്ടില്ല എന്നും, തുടർന്ന് വാങ്ങുന്ന സാധനങ്ങളുടെ വിലയിൽ ടി തുക അഡ്ജസ്റ്റ് ചെയ്ത് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 8,674/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നമ്പർ 11/3-2-2020**

തടസ്സപ്പെടുത്തിയ തുക 8,674/-

## 1-29 സർവ്വീസ് കണക്ഷനുകൾ ഡിസ്മാന്റിൽ ചെയ്യുന്നതിനായി നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

7-2-2019 തീയതിയിലെ 10378 നമ്പർ ചെക്ക് പ്രകാരം (ഫയൽ നമ്പർ 6395/17) 27244, 33151 എന്നീ കൺസ്യൂമർ നമ്പർ പ്രകാരമുള്ള സർവ്വീസ് കണക്ഷനുകൾ ഡിസ്മാൻറിൽ ചെയ്യുന്നതിനായി 915/- രൂപാ ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. ഫയലിൽ ഈ തുക വാടക കാരിൽ നിന്നും ഈടാക്കാൻ സി 1. സെക്ഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയത് തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ 915/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നമ്പർ 11/3-2-2020**

## 1-30 പശു വളർത്തൽ ജനറൽ -മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കി

പ്രോജക്ട് നമ്പർ – 184/19

പ്രോജക്ട് --- പശു വളർത്തൽ ജനറൽ

അടങ്കൽ

ചെലവ് 75,000/-

ബിൽ നമ്പർ 1/18-19/17-5-2018-25,000/-

5/18-19/18-12-18---25,000/-

12/18-19/26-2-2019-25,000/-

പ്രസ്തുത പ്രോജക്ട് പ്രകാരം ഗുണഭോക്താവിന് 50,000/- രൂപയുടെ ബാങ്ക് ലോൺ അനുവദിക്കുമ്പോൾ 25,000/- രൂപാ സബ്സിഡി ആയി ബാങ്കിന് നൽകുന്നു. എന്നാൽ ആയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബിൽ നമ്പർ 1/18-19/17-5-2018-25000/- പ്രകാരം ടി തുക ഗുണഭോക്താവായ ശ്രീ. സിദ്ദിഖിന് നൽകിയിരിക്കുകയാണ്. ടിയാൾക്ക് ലോൺ അനുവദിക്കാം എന്നറിയിച്ചുകൊണ്ടുള്ള കേരളാ ഗ്രാമീൺ ബാങ്കിന്റെ കത്താണ് ഫയലിൽ ഉള്ളത്. ശ്രീ. സിദ്ദിഖിന് പശുവിനെ നൽകിയ വ്യക്തി ആരാണെന്നും അദ്ദേഹത്തിന് തുക നൽകിയതിന്റെ വിവരങ്ങളും ടിയാൾക്ക് ബാങ്ക് ലോൺ അനുവദിച്ചതിന്റെ വിവരങ്ങളും ആയത് തിരികെ ഒടുക്കു വരുത്തു ന്നതിന്റെ പാസ്സ്ബുക്കും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2)ബിൽ നമ്പർ 5/18-19/18-12-18---25000/- പ്രകാരം ഗുണഭോക്താവായ ശ്രീമതി ഹംസത്ത് ബിവിയ്ക്ക് വേണ്ടി സബ്സിഡി തുക പത്തനാപുരം സർവ്വീസ് സഹകരണബാങ്കിലേക്ക് നൽകിയെങ്കിലും ആയതിന്റെ തിരിച്ചടവ് വിവരങ്ങളും വാങ്ങിയ പശുവിനെ ഇൻഷുർ ചെയ്തതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

3) ബിൽ നമ്പർ 12/18-19/26-2-2019-25000/- പ്രകാരവും സബ്സിഡി തുക ശ്രീമതി നബീസാബീവിയുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. ആയതിന് കാരണം വിശദമാക്കിയിട്ടില്ല.

ടിയാളുടെ ലോൺ അക്കൗണ്ടിന്റെ പാസ്സ് ബുക്കായി ഹാജരാക്കിയിരിക്കുന്നത് 3780701266 എന്ന അക്കൗണ്ടിന്റെ പാസ്സ് ബുക്കാണ്. എന്നാൽ ടിയാൾക്ക് സബ്സിഡി അനുവദിച്ചിരിക്കുന്നത് 3459710280 എന്ന നമ്പർ അക്കൗണ്ടിലാണ്. ആയതിന്റെ പൊരുത്തക്കേടുകൾ വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 10/3-2-2020**

തടസ്സപ്പെടുത്തുന്ന തുക 75,000/- രൂപ

## 1-31 കെ.എസ്.ആർ.ടി.സിയ്ക്ക് പൈപ്പ് ലൈൻ -പഞ്ചായത്ത് സ്ഥാപിച്ചു നൽകി

കെ.എസ്.ആർ.ടി.സി.യിലേക്കുള്ള പൈപ്പ് ലൈൻ പൊട്ടി പോയത് ഗ്രാമപഞ്ചായത്ത്

റിപ്പയർ ചെയ്ത പ്രവൃത്തിക്കായി ചെക്ക് നമ്പർ 8978/23-8-2018 പ്രകാരം 9,950/- രൂപ പിൻവലിച്ച് ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കി. പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനമായ കെ.എസ്.ആർ.ടി.സി.ക്ക് അനുബന്ധ ചെലവുകൾ നടത്തിയതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ചെലവു തുക 9,950/-രൂപ നിരാകരിക്കുന്നു.

## 1-32 എവി ടി കാലായിൽറോഡ് സൈഡ് വൈഡനിംഗ് & റീടാറിംഗ് - പ്രവൃത്തി ഏറ്റെടുക്കാതിരുന്ന കരാറുകാരന്റെ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി കമ്മറ്റി അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ കരാർവച്ച് ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിന് ബന്ധപ്പെട്ടവർ തയ്യാറാകാതിരുന്ന സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി നിർവ്വഹണം നടത്തുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ഇവരുടെ നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കേണ്ടതായിരുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

1)എവി ടി കാലായിൽറോഡ് സൈഡ് വൈഡനിംഗ് & റീടാറിംഗ്

അടങ്കൽ തുക-10,00,000/- രൂപ

കമ്മറ്റി അംഗീകരിച്ച കരാറുകാരൻ-ശ്രീ. മണിലാൽ

നിരത ദ്രവ്യം-25,000/- രൂപ

നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണ മെന്ന് ആവശ്യപ്പെട്ട് 01-02-2020 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6)ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-33 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണപ്പെട്ടിട്ടുള്ള അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണപ്പെട്ടിട്ടുള്ള പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

1)പ്രവൃത്തികളിൽ ഒന്നും തന്നെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം ഉൾപ്പെടുത്തിയിട്ടില്ല.

2)മിക്കവാറും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിഷ്കരിച്ച് കാണുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട സ്ഥലം പരിശോധിച്ച് അതിൻപ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെങ്കിൽ ഇപ്രകാരം എല്ലാ പ്രവൃത്തികളിലും എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നില്ല. നിലവിലെ പ്രവൃത്തിയുമായി ബന്ധമില്ലാത്ത ഇനങ്ങളാണ് പലപ്പോഴും പരിഷ്കരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടു വരുന്നത് .

ഉദാഹരണമായി തനതുഫണ്ടിൽ നിന്നും 2,00,000/- രൂപ വകയിരുത്തി ശ്രീ ജോർജ്ജ് സാമുവേൽ കരാറുകാരനായി നിർവ്വഹണം ആരംഭിച്ച പ്രവൃത്തിയാണ് പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് . എന്നാൽ 07-08-2018 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(1) തീരുമാനപ്രകാരം ടി പ്രവൃത്തിയിൽ പെയിന്റിംഗ് ഒഴിവാക്കി പഞ്ചായത്തിന്റെ പുറകുവശത്ത് ഡൈനിംഗ് റൂം നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് എന്ന പേരിൽ അംഗീകാരം വാങ്ങിയ പ്രവൃത്തിയിൽ പഞ്ചായത്തിന് ഡൈനിംഗ് റൂം നിർമ്മിച്ചത് അനുചിതമാണ്.

3)പഞ്ചായത്തിൽ റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

മുകളിൽ കൊടുത്തിട്ടുള്ള അപാകതകൾ വരും വർഷങ്ങളിൽ പരിഹരിക്കേണ്ടതാണ്.

## 1-34 ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിന് നല്കിയിട്ടില്ല.

ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. 2018-19 സാമ്പത്തിക വർഷം വരെ ഇപ്രകാരം ലഭിക്കുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | തുക |
|---|---|---|
| 1 | 2017-18 | 69,900/- |
| 2 | 2018-19 | 6,99,00/- |
| | ആകെ | 1,39,800/- |

ടെണ്ടർഫാറം വില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുള്ള 139800രൂപാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

## 1-35 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

പത്തനാപുരം ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽനികുതി |
|---|---|---|
| 1 | കെ. എസ് . ഇ . ബി | I & II |
| 2 | കെ. എസ് . ഇ . ബി, ട്രാൻസിഷൻ സർക്കിൾ | I & II |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | I & II |
| 4 | ബി. എസ് .എൻ .എൽ | I & II |
| 5 | കെ. എസ് . ആർ .ടി. സി | I & II |
| 6 | കേരള വാട്ടർ അതോറിറ്റി | I & II |
| 7 | ഏഷ്യാനറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ | I & II |
| 8 | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് | I & II |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൊഴിൽ നികുതി ഒടുക്കു വരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വരും കാലയളവിൽ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ലഭിക്കാനുള്ള സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റന്വേഷണം നം. 14/04.02.2020**

## 1-36 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

പത്തനാപുരം ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ വസ്തു നികുതി അസ്സസ് ചെയ്തത് പരിശോധിച്ചതിൽ XVII-ാം വാർഡിലെ ആർച്ച് ആന്റണി എന്ന വ്യക്തിയുടെ ആർച്ച് വ്യൂ (ഹോട്ടൽ ആന്റണിസ് ടവർ, പത്തനാപുരം) എന്ന കെട്ടിടം അസ്സസ് ചെയ്തപ്പോൾ കെട്ടിട നമ്പരുകൾ ((768 to 788 old), (1541 to 1543 new)) പ്രകാരം 2296 m2 (584.07+1712) ഏരിയ മാത്രമേ അസ്സസ് ചെയ്തിട്ടുള്ളു. എന്നാൽ ടിയാൻ ഹാജരാക്കിയ പ്ലാൻ പ്രകാരം ആകെ പ്ലിന്ത്

ഏരിയ 2322 m2 ആണ്. മേൽ പ്രകാരം 26 m2 കുറച്ച് നികുതി അസ്സസ് ചെയ്തിരിക്കുന്നതിനാൽ 1,755/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. (50*26=1,300/- രൂപ, 35% വർദ്ധനവ് =455/- രൂപ ആകെ 1,755/- രൂപ). ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടത്തിന്റെ നികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2018-19 വർഷം നഷ്ടമായ 1,755/- രൂപ കെട്ടിട ഉടമയിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റന്വേഷണം നം. 16/04.02.2020**

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

പത്തനാപുരം ഗ്രാമ പഞ്ചായത്തിലെ 2018-19 വർഷത്തെ വസ്തു നികുതി അസ്സസ് ചെയ്തത് പരിശോധിച്ചതിൽ XVII-ാം വാർഡിലെ ആർച്ച് ആന്റണി എന്ന വ്യക്തിയുടെ ആർച്ച് വ്യൂ (ഹോട്ടൽ ആന്റണിസ് ടവർ, പത്തനാപുരം) എന്ന കെട്ടിടം അസ്സസ് ചെയ്തപ്പോൾ കെട്ടിട നമ്പരുകൾ ((768 to 788 old), (1541 to 1543 new)) പ്രകാരം 2296 m2 (584.07+1712) ഏരിയ മാത്രമേ അസ്സസ് ചെയ്തിട്ടുള്ളൂ. എന്നാൽ ടിയാൻ ഹാജരാക്കിയ പ്ലാൻ പ്രകാരം ആകെ പ്ലിന്ത് ഏരിയ 2322 m2 ആണ്. മേൽ പ്രകാരം 26 m2 കുറച്ച് നികുതി അസ്സസ് ചെയ്തിരിക്കുന്നതിനാൽ 1,755/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. (50*26=1,300/- രൂപ, 35% വർദ്ധനവ് =455/- രൂപ ആകെ 1,755/- രൂപ). ആയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടത്തിന്റെ നികുതി പുതുക്കി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2018-19 വർഷം നഷ്ടമായ 1,755/- രൂപ കെട്ടിട ഉടമയിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റന്വേഷണം നം. 16/04.02.2020**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 അന്തിമ ബിൽ നല്കിയതിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. അധികം നല്കിയിട്ടുള്ള 5,875/- രൂപ നിരാകരിക്കുന്നു.

താഴെകൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ **അന്തിമ ബിൽ നല്കിയതിൽ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല.**

1)പ്രവൃത്തി- വടക്കോട്ടുപാട് റോഡ് കോൺക്രീറ്റിംഗ്

കരാറുകാരൻ-ശ്രീ. കെ നാരായണൻ,( 1% കുറവ് )

കരാർ-15/AE/LSGD/PTPM/ 18-19, 23-07-2018

അടങ്കൽ തുക-2,75,000 /-രൂപ

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല

ബില്ല് തയ്യാറാക്കിയിരിക്കുന്നത്

പ്രവൃത്തിമൂല്യം-2,55,540/-

(-)നിയമാനുസൃത കിഴിവുകൾ-5136

കരാറുകാരന് നല്കിയ തുക-2,50,404/-

ബിൽ നം-25/ 118-19, തീ25-09-18

ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം-2,55,540/-

(-)ടെണ്ടർ കുറവ് 1%-2555

തുക-2,52,985/-

(-)നിയമാനുസൃത കിഴിവുകൾ-5085

കരാറുകാരന് നല്കേണ്ടിയിരുന്ന തുക-2,47,900/-രൂപ

അധികം നല്കിയ തുക 255540-252985=2,555/- രൂപ

2)പ്രവൃത്തി- കുണ്ടയം അംഗനനാടി ചുറ്റുമതിൽ നിർമ്മാണം

കരാറുകാരൻ-ശ്രീ. എസ്, സുഹൈൽ,( 0.16% കുറവ് )

കരാർ-11/AE/LSGD/PTPM/ 18-19, 23-07-2018

അടങ്കൽ തുക-1,00,000/- രൂപ

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല

ബില്ല് തയ്യാറാക്കിയിരിക്കുന്നത്

പ്രവൃത്തിമൂല്യം-75091

(-)നിയമാനുസൃത കിഴിവുകൾ-1510

കരാറുകാരന് നല്കിയ തുക-73,581/-

ബിൽ നം-61/ 18-19, തീ19-01-19

ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം-75091

(-)ടെണ്ടർ കുറവ് 1%-751

തുക-74,340/-

(-)നിയമാനുസൃത കിഴിവുകൾ-1493

കരാറുകാരന് നല്കേണ്ടിയിരുന്ന തുക-72,847/-രൂപ

അധികം നല്കിയ തുക 75091-74340=751/-രൂപ

3)പ്രവൃത്തി-മണക്കാട്ട് പുഴ ഹെൽത്ത് സബ് സെന്റർ മെയിന്റനൻസ്

കരാറുകാരൻ- ശ്രീ. അബ്ദുൾ അസീസ്. ( 1% കുറവ് )

കരാർ-48/AE/LSGD/PTPM/ 18-19, 10-10-2018

അടങ്കൽ തുക-2,00,000/- രൂപ

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല

ബില്ല് തയ്യാറാക്കിയിരിക്കുന്നത്

പ്രവൃത്തിമൂല്യം കമക്കാക്കിയിരിക്കുന്ന തുക-1,97,978/-

(-)നിയമാനുസൃത കിഴിവുകൾ-3980

കരാറുകാരന് നല്കിയ തുക-19,3,998/-

ബിൽ നം-74/ 118-19, തീ30-01-19

ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം-1,98,398/-

(-)ടെണ്ടർ കുറവ് 1%-1984

തുക-1,96,414/-

(-)നിയമാനുസൃത കിഴിവുകൾ-3,948/-

കരാറുകാരന് നല്കേണ്ടിയിരുന്ന തുക-1,92,466/-രൂപ

അധികം നല്കിയ തുക 197978-196414=1,564/- രൂപ

പ്രവൃത്തി-മാങ്കോട് പുലരിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്

കരാറുകാരൻ- ശ്രീ. എസ്. സുഹൈൽ. ( 0.5% കുറവ് )

കരാർ-09/AE/LSGD/PTPM/ 18-19, 29-07-2018

അടങ്കൽ തുക-2,00,000/- രൂപ

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ല

ബില്ല് തയ്യാറാക്കിയിരിക്കുന്നത്

പ്രവൃത്തിമൂല്യം കണക്കാക്കിയിരിക്കുന്ന തുക-11,99,000/-

(-)നിയമാനുസൃത കിഴിവുകൾ-4000

കരാറുകാരന് നല്കിയ തുക-1,95,000/-

ബിൽ നം-34/ 18-19, തീയതി 13-11-2018

ബില്ല് തയ്യാറാക്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം-1,99,000/-

(-)ടെണ്ടർ കുറവ് 0.5%-995

തുക-198005

(-)നിയമാനുസൃത കിഴിവുകൾ-3980

കരാറുകാരന് നല്കേണ്ടിയിരുന്ന തുക-1,94,025/-രൂപ

അധികം നല്കിയ തുക199000-198005=995/- രൂപ

അപാകതകൾ സംബന്ധിച്ച് 31-01-2020 ൽനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-5)ടെണ്ടർ ക്ഷണിച്ച തുകയെ അടിസ്ഥാനമാക്കിയാണ് തുക നല്കിയിട്ടുള്ളതെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. പ്രവൃത്തി മൂല്യത്തിൽ നിന്നും ടെണ്ടർ കുരവ് വരുത്തി നിയമാനുസൃത കിഴിവുകൾക്ക് ശേഷമുള്ള തുക കരാറുകാർക്ക് നല്കുകയാണ് ചെയ്യേണ്ടത്. ആയതിനാൽ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്തിയിട്ടില്ലാത്തതിനാൽ 4 പ്രവൃത്തികളിലായി **അധികം നല്കിയിട്ടുള്ള 5,875/- രൂപ തിരികെ ഒടുക്കു വരുത്തേണ്ടതാണ്.**

## 3-2 കാലിബാരൽ വില ഈടാക്കിയിട്ടില്ല. 1,01,160/- രൂപാ തിരികെ ഈടാക്കണം

Packed bitumin rate ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കിയിട്ടില്ല

| ക്ര.നം | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ (വിജി-30--156/ ബാരൽ, ആർ എസ്-1-156/ ബാരൽ) | ഈടാക്കേണ്ടിയിരുന്ന തുക (238+18%ജി എസ് ടി =281 |
|---|---|---|---|
| 1 | ആദംകോട് കടവ്റോഡ് റീ ടാറിംഗ് | വിജി-30-2884.26 കി. | 19x 281=5339 |

| | | | |
|---|---|---|---|
| | അടങ്കൽ തുക-1400000 (സംരക്ഷണഗ്രാന്റ്, റോഡ്) കരാറുകാരൻ-ശ്രീ. എം എസ് സുധിശൻ കരാർ-13/17-18/AE/LSGD, 08-12-17, ബിൽ നം-100/23-03-2019 | ആർ എസ്-1-270 കി. | |
| 2 | കല്ലംകടവ് വടക്കാച്ചേരി റോഡ് അടങ്കൽ തുക-11580000 (സംരക്ഷണഗ്രാന്റ്, റോഡ്) കരാറുകാരൻ-ശ്രീ. ബേബി തോമസ് കുട്ടി കരാർ-54/17-18/AE/LSGD, 31-03-18, ബിൽ നം-62/29-12-2018 | വിജി-30-8127 കി. ആർ എസ്-1-752കി. | 56x 281=15736 |
| 3 | എടത്തറ അറബിക് കോളജ് പാർശ്വഭിത്തി നിർമ്മാണവും ടാറിംഗും അടങ്കൽ തുക-1000000 (സംരക്ഷണഗ്രാന്റ്, റോഡ്) കരാറുകാരൻ-ശ്രീ. ബേബി തോമസ് കുട്ടി കരാർ-54/17-18/AE/LSGD, 31-03-18, ബിൽ നം-26/25-09-2018 | വിജി-30-5315 കി. ആർ എസ്-1-488കി. | 37x 281=10397 |
| 4 | ലയം പാറത്തോട് റോഡ് റീ ടാറിംഗും,കോൺക്രീറ്റും അടങ്കൽ തുക-1400000 (സംരക്ഷണഗ്രാന്റ്, റോഡ്) കരാറുകാരൻ-ശ്രീ. ബേബി തോമസുകുട്ടി കരാർ-38/17-18/AE/LSGD, 05-09-18, ബിൽ നം-77/11-03-2019 | വിജി-30-2633.63 കി. ആർ എസ്-1-236.5 കി. | 19x 281=5339 |
| 5 | മുസ്ലീം പള്ളി എംഎൻ നഗർ ടാറിംഗ് അടങ്കൽ തുക-1200000 (സംരക്ഷണഗ്രാന്റ്, റോഡ്) കരാറുകാരൻ-ശ്രീ. ജോസ് ജി ദാനിയേൽ കരാർ-40/17-18/AE/LSGD, 05-09-18, ബിൽ നം-66/03-01-2019 | വിജി-30-2649 കി. ആർ എസ്-1-270 കി. | 19x 281=5339 |
| 6 | ലാസർപ്പള്ളി- ജോബ് ദാനിയേൽറോഡ് | വിജി-30-4268.7കി. | 29x 281=8149 |

| | | | |
|---|---|---|---|
| | പാർശ്വഭിത്തി നിർമ്മാണവും ടാറിംഗും<br>അടങ്കൽ തുക-800000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീറോയി ജി ജോർജ്ജ് കരാർ-04/17-18/AE/LSGD, 07-12-17, ബിൽ നം-6/28-05-2018 | ആർ എസ്-1-406.35 കി. | |
| 7 | വെണ്ടർപ്പടി പുത്തൻ വിള റോഡ് ടാറിംഗ്<br>അടങ്കൽ തുക-750000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീറോയി ജി ജോർജ്ജ് കരാർ-05/17-18/AE/LSGD, 07-12-17, ബിൽ നം-6/28-05-2018 | വിജി-30-2365.1കി.<br>ആർ എസ്-1-212 കി. | 17x 281=4777 |
| 8 | വൈഎംസിഎ ചെലക്കോട് റോഡ്<br>അടങ്കൽ തുക-750000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീആർ അഫ്സൽ കരാർ-36/17-18/AE/LSGD, 22-02-18, ബിൽ നം-8/31-05-2018 | വിജി-30-6033.82കി.<br>ആർ എസ്-1-573 കി. | 42x 281=11802 |
| 9 | ആദംകോട് തേക്കുവിള റോഡ്<br>അടങ്കൽ തുക-1000000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീടി മണിലാൽ കരാർ-43/17-18/AE/LSGD, 05-09-18, ബിൽ നം-90/09-03-2019 | വിജി-30-2402.7കി.<br>ആർ എസ്-1-236 കി. | 18x 281=5058 |
| 10 | എ വിടി കാലായിൽ റോഡ് പാർശ്വഭിത്തി നിർമ്മാണവും ടാറിംഗും<br>അടങ്കൽ തുക-1000000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീറോയി.പി.ജോർജ്ജ് കരാർ-68/17-18/AE/LSGD, | വിജി-30-5229കി.<br>ആർ എസ്-1473 കി. | 37x 281=10397 |

| | | | |
|---|---|---|---|
| | 15-10-18, ബിൽ നം-78/11-03-2019 | | |
| 11 | ചേലക്കാട് ഗവ. ഹോസ്പിറ്റൽ റോഡ് റീ ടാറിംഗും,കോൺക്രീറ്റും<br>അടങ്കൽ തുക-495000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീഎസ്. അബ്ദു റഹിമാൻ കരാർ-78/18-19/AE/LSGD, 22-01-19 ബിൽ നം-85/11-03-2019 | വിജി-30-1533കി.<br>ആർ എസ്-152കി. | 11x 281=3091 |
| 12 | കഴവാക്കാട് വയൽ റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-700000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ വൈ.ജോർജ്ജ്കുട്ടി കരാർ-33/18-19/AE/LSGD, 03-09-18 ബിൽ നം-84/11-03-2019 | വിജി-30-3394കി.<br>ആർ എസ്-304കി. | 24x 281=6744 |
| 13 | നെടുമ്പറമ്പ് തൈക്കാവ് കട്ടക്കമ്പനി റോഡ് പാർശ്വഭിത്തി നിർമ്മാണവും ടാറിംഗും<br>അടങ്കൽ തുക-800000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ ബേബി തോമസ് കുട്ടി കരാർ-77/18-19/AE/LSGD, 10-12-18 ബിൽ നം-79/11-03-2019 | വിജി-30-2241കി.<br>ആർ എസ്-203കി. | 16x 281=4496 |
| 14 | പാതിരിക്കൽ ലക്ഷംവീട് നെടുമ്പറമ്പ് റോഡ്<br>അടങ്കൽ തുക-499000<br>(സംരക്ഷണഗ്രാന്റ്, റോഡ്)<br>കരാറുകാരൻ-ശ്രീ ആർ.അഫ് സൽ കരാർ-13/18-19/AE/LSGD, 23-07-18 ബിൽ നം-72/28-01-2019 | വിജി-30-2158കി.<br>ആർ എസ്-203കി. | 16x 281=4496 |
| | | | 101160 |

അപാകത സംബന്ധിച്ച് 31-01-2020 ൽനല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-05) ടാറിന്റെ അധിക വില കരാറുകാർക്ക് നല്കുമ്പോൾ കാലി ബാരലിന്റെ വില ഈടാക്കുന്ന താണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കാലി ബാരലിന്റെ വില ഇനത്തിൽ അന്തിമ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 101160 രൂപാ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-3 മാലിന്യശേഖരണം സാനിട്ടേഷൻ സൊസൈറ്റിക്ക് തുക നൽകൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മാലിന്യശേഖരണത്തിനായി ഹരിത കർമ്മ സേനയ്ക്ക് പകരം പ്രവർത്തിക്കുന്ന സാനിട്ടേഷൻ സൊസൈറ്റി ക്ക് താഴെ പറയും പ്രകാരം തുക നൽകിയിരിക്കുന്നു.

| വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|
| 21800101/30-4-18 | 8125/30-4-2018 | 58500/- |
| 21800190/28-5-18 | 8413/28-5-18 | 5400/- |

സാനിട്ടേഷൻ സൊസൈറ്റി അംഗങ്ങളുടെ ദിവസവേതനം നൽകാനായി ആണ് ടി തുക നൽകിയിരിക്കുന്നത്. സാനിട്ടേഷൻ സൊസൈറ്റി യൂസർഫീ പിരിക്കുകയും കൂടാതെ ദിവസം 300/- രൂപാ നിരക്കിൽ വേതനവും നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഹരിത കർമ്മസേന പ്ലാസ്റ്റിക് മാത്രമേ ശേഖരിക്കുകയുള്ളു എന്നും എന്നാൽ സാനിട്ടേഷൻ സൊസൈറ്റി എല്ലാ ജൈവമാലിന്യങ്ങളും ശേഖരിക്കുകയും ചെയ്യുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് ചെയ്യുന്നില്ല. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ മാങ്കോട് ശിശു മന്ദിരത്തിന് മുകളിൽ വാരി കൂട്ടി ഇട്ടിരിക്കുകയാണ്. ജൈവമാലിന്യങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ജെ.സി.ബി. ഉപയോഗിച്ച് നീക്കം ചെയ്യുതിന് മാസം തോറും ഒരു നിശ്ചിത തുക ചെലവഴിച്ചിട്ടുണ്ട്. ആയതിനാലൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ സാനിട്ടേഷൻ കമ്മിറ്റി യൂസർ ഫീ പിരിക്കുന്നതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സാനിട്ടേഷൻ സൊസൈറ്റിക്കായി ചെലവഴിച്ച 63,900/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 17.07.2019,18.07.2019 | കെഎസ്സ്.എ-കെ.എൽ.എം. പി.9/1057/19, തീയതി 3.9.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 11,00,000/- | ലൈഫ് | 9,99,825/- | 1,00,125/- |
| | | 1,50,000/- | പോഷകാഹാരം | 1,50,000/- | |
| | | 1,11,545/- | സ്കോളർഷിപ്പ് | 11,545/- | |
| ജില്ലാപഞ്ചായത്ത് | | 18,94,977/- | ലൈഫ് | 11,80,000/- | 7,14,577/- |
| | | 1,00,000/- | പോഷകാഹാരം | 1,00,000/- | |
| | | 1,66,000/- | സ്കോളർഷിപ്പ് | 1,66,000/- | 6,000/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (14/19) | 21800530/ 14.8.18 | 10,00,000/- | - | 10,00,000/- |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21801009/ 20.12.18 | 1,79,189/- | 1,79,189/- | - |

| | | | | | |
|---|---|---|---|---|---|
| " | സ്ട്രീറ്റ് മെയിൻ വലിക്കൽ | 21800662/ 28.09.18 | 17,99,996/- | 17,99,996/- | |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 13,72,00,000/-വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (കെ..യു.ആർ.ഡി.എഫ്.സി) | സ.ഉ. (എം.സ്)111/18/13.8.2018 | 137200000 | | | | 137200000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 23,17,186/- |
| തൻവർഷം നിക്ഷേപിച്ച തുക | 2,02,754/- |
| ആകെ | 25,19,940/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,19,940/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| 1. | ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊല്ലം | 13/6/2017 | 1 വർഷം | 1,640632/- | -------- |
| | ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊല്ലം | 13/6/2017 | 1 വർഷം | 144547 | |

| | | | | | |
|---|---|---|---|---|---|
| | | 13/6/2017 | 1 വർഷം | 734761 | |
| | | | ആകെ | 2519940 | |

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 2,00,00,000/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റി | ഷോപ്പിംഗ് മാൾനിർമ്മാണം | 21800615/12.9.2018 | 20000000 | - | 20000000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,595/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-02 | 3-1 | 1,833/- | ശ്രീമതി.ആർ.സുജാത | 118070101279/ 13.4.18 |
| 2002-03 | 3-1 | 880/- | ശ്രീ.അബനീന്ദ്ര മോഹൻ | 11870107306/ 6.12.18 |
| 2006-07 | 3-1 | 2,804/- | ശ്രീ.അജിത്ത് കുമാർ | 11870100381/ 13.4.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

<u>ഓഡിറ്റ് പ്രത്യവലോകനം</u>

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 17,76,12,339/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,54,52,900/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,70,935/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,48,889/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1755/- | ശ്രീ. എം. വിജയൻ, സെക്രട്ടറി |
| 3-1 | 5875/- | ശ്രീമതി. രശ്മി. പി. നായർ, അസി. എഞ്ചിനീയർ |
| 3-2 | 1,01,160/- | ശ്രീമതി. രശ്മി.പി.നായർ, അസി. എഞ്ചിനീയർ |
| 3-3 | 63,900/- | ശ്രീ. എം. വിജയൻ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 10,00,000 | ശ്രീ.എം വിജയൻ, സെക്രട്ടറി |
| 1-16 | 972000 | ശ്രീ.എം വിജയൻ, സെക്രട്ടറി |
| 1-20 | 2,77,300/- | ശ്രീമതി. ജലീസ.കെ അസി. സെക്രട്ടറി |
| 1-22 | 1,50,000/- | ശ്രീ.കെ.എസ് ഷിബു, വെറ്റിനറി സർജൻ |
| 1-28 | 8674/- | ശ്രീ.എം.വിജയൻ, സെക്രട്ടറി |
| 1-29 | 915 | ശ്രീ.എം.വിജയൻ, സെക്രട്ടറി |
| 1-27 | 650000/- | ശ്രീ.കെ.എസ് ഷിബു<br>വെറ്റിനറി സർജൻ |
| 1-30 | 75000/- | ശ്രീ.കെ.എസ് ഷിബു<br>വെറ്റിനറി സർജൻ |
| ആകെ | 25,48,889/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>)**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ശ്രീ.എം.വിജയൻ, സെക്രട്ടറി, പത്തനാപുരം ഗ്രാമ പഞ്ചായത്ത് | ശ്രീ.എം.വിജയൻ, സെക്രട്ടറി, പത്തനാപുരം ഗ്രാമ പഞ്ചായത്ത് | ശ്രീ.എം.വിജയൻ, മണത്തറ വീട്,പടപ്പക്കര പി.ഒ, കുണ്ടറ |
| ശ്രീമതി. രശ്മി. പി. നായർ, അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ പത്തനാപുരം | ലത നിവാസ് മരുതൂർ വട്ടപ്പാറ.പി.ഒ |
| ശ്രീ.കെ എസ് ഷിബു, വെറ്റിനറി സർജൻ | --- | പറയമ്പിലകം കുളതമൽ അമരവിള |
| ശ്രീമതി. ജലീസ.കെ അസി. സെക്രട്ടറി | അസി.സെക്രട്ടറി, പെരിനാട് ഗ്രാമ പഞ്ചായത്ത് | ഫിർദൗസ്, ചാത്തിനാംകുളം, കൊല്ലം. |

## 4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-1983 | എൽ.എഫ്.ക്യൂ.പി3/312/1996 | |
| 1998-1999 | കെ.എസ്എ.കെ.എൽ.എം.പി6/426/2018/ 02.03.2018 | 51 (44,48,49വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018/ 02.03.2018 | 2-14 (2(12),2(13), 2-(20)2(21),2(22), 2(23)വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി02.03.2018 | 2.6, 2.8, 2.12, 2.13, 2.14 ചെലവ് ഭാഗത്തെ എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു. (2.3, 2.4, 2.7, വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 | 2.3,2.4, 3.1,3.4, 3.10, 3.13 (3.2, 3.8, 3.9, 3.11വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി02.03.2018 | 2.2, 2.3, 2-5, 3.3,3.6, 3.7. (2-1 3.10, 3.11വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2003-2004 | കെ.എസ്എ.കെഎൽഎ.പി6/426/2018/ തീയതി02.03.2018 | 2-3,2-4,3-2, 3-4, 3-8, 3-9, 3-10, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 | 3-3, 3-7, (2-4, 3-4, 3-6, 3-9, 3-10 വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി 02.03.2018 | 2.2, 3.3, 3.8, 311.,3.12, 3.13, 3.15, 3.16, 3.183.21 |

| | | |
|---|---|---|
| | | (3.4,3.5,3.14, 3.17, വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2006-2007 | എൽ.എഫ്.ക്യൂ പി6//810/2018 തീയതി 01.02.2011 | എല്ലാ ഖണ്ഡികകളും |
| 2007-2008 | എൽ.എഫ്.ക്യൂ പി6/458/2010തീയതി 18.08.2011 | എല്ലാ ഖണ്ഡികകളും |
| 2008-2009 | എൽ.എഫ്.ക്യൂ പി6/939/2011 തീയതി29.12.2011 | എല്ലാ ഖണ്ഡികകളും |
| 2009-2010 | എൽ.എഫ്.ക്യൂ പി6/1076/2012 തീയതി. 08.04.2013 | എല്ലാ ഖണ്ഡികകളും |
| 2010-2011 | എൽ.എഫ്.ക്യൂ പി6/1913(2)/2014തീയതി 24.10.2014 | എല്ലാ ഖണ്ഡികകളും |
| 2011-2012 & 2012-2013 | എൽ.എഫ്.ക്യൂ.പി6/2422/4.4.2014 | എല്ലാ ഖണ്ഡികകളും |
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി6-261/17/14.2.17 | എല്ലാ ഖണ്ഡികകളും |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി9/357/2018 തീയതി 04.08.2018 | എല്ലാ ഖണ്ഡികകളും |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി9/1253/2017 തീയതി 16.05.2018 | എല്ലാ ഖണ്ഡികകളും |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം.പി9/1708/2018 തീയതി 11.12.2018 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

# അനുബന്ധം 2 ഓഡിറ്റ് പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>1 അനുബന്ധം 1</u>

നം.കെ.എസ്.എ.കെ.എൽ.എം.പി9/312/2020 തീയതി-23.03.2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി 23/03/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ2018 -19**വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2018 -19**ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

No.KSA.KLM.P9/312/2020 , Dated –23 /03 /2020

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Pathanapuram Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Pathanapuram Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam